ശ്രീ. ആർ. ശങ്കർ: എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമിക്കപ്പെടുന്നതെല്ലാംതന്നെ താൽക്കാലികമായിട്ടുള്ള നിയമനങ്ങളാണ്. യോഗ്യതയുള്ളവരെമാത്രമേ അവിടെനിന്നും നിയമിക്കുകയുള്ളൂ. ഏതായാലും അവർക്ക് സ്ഥിരമായ നിയമനം കൊടുക്കാൻ സാധിക്കുകയില്ല.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: ഇലക്ട്രിസിറ്റി ബോർഡ് നേരിട്ട് നടത്തുന്ന നിയമനങ്ങളെല്ലാംതന്നെ പബ്ലിക് സർവീസ് കമ്മിഷനിലെ വ്യവസ്ഥകളും പാലിച്ചുകൊണ്ടാണ് നടത്തുന്നതെന്നു പറഞ്ഞു. ആ നിലയ്ക്ക് ഇപ്പോൾ ഇലക്ട്രിസിറ്റിബോർഡ് നേരിട്ട നിയമനം നടത്തേണ്ട ആവശ്യമില്ലെന്നു പറയുവാനുള്ള കാരണം എന്താണ്?

ശ്രീ. ആർ. ശങ്കർ: അവിടെയുള്ള നിയമനത്തെപ്പറ്റി പൊതുവേ പരാതികളും ഗവണ്മെന്റിലേക്ക് കിട്ടിക്കൊണ്ടിരുന്നു. അതിന്റെ ഫലമായിട്ടാണ് ഇപ്പോൾ ബോർഡിലേയ്ക്ക് നടത്തുന്ന നിയമനങ്ങളും ഗവണ്മെന്റിന്റെ മുൻകൂട്ടിയുള്ള നിർദ്ദേശം വാങ്ങിക്കൊണ്ടേ നടത്താവൂ എന്നു തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. പി. സി. ആദിച്ചൻ: ഇലക്ട്രിസിറ്റി ബോർഡിലേയ്ക്ക് ഇപ്പോൾ 82 ശിപായിമാരെ എടുത്തിട്ടുണ്ടെന്നു പറഞ്ഞു. അതിൽ പട്ടികജാതിക്കാരിൽനിന്ന് ഒരാളെയെങ്കിലും എടുത്തിട്ടുണ്ടോയെന്ന് പറയാൻ മടിയുണ്ടാകുമോ?

ശ്രീ. ആർ. ശങ്കർ: പട്ടികജാതിക്കാരിൽനിന്നും ഒരാളല്ല കൂടുതൽ ആളുകളും കാണും.

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിലേക്ക് എടുത്തിട്ടുള്ള 82 ശിപായിമാരിൽ ഒരൊറ്റ പട്ടികജാതിക്കാരും ഇല്ലെന്നു പറയുന്നതു ശരിയാണോ?

ശ്രീ. ആർ. ശങ്കർ: ഇപ്പോൾ വ്യക്തമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. ഈ. പി. ഗോപാലൻ: പബ്ലിക്ക് സർവീസ് കമ്മിഷൻ അഡീഷണൽ ഫങ്ഷൻ ആക്റ്റ് നടപ്പിലാക്കുന്നതുവരെ ഇലക്ട്രിസിറ്റി ബോർഡിലേയ്ക്കുള്ള നിയമനം നടത്തുന്നതു ഗവണ്മെന്റിന്റെ നിർദ്ദേശത്തോടുകൂടിയായിരിക്കണമെന്നു പറഞ്ഞു. എന്നാൽ അതു പബ്ലിക് സർവീസ് കമ്മീഷൻ അഡീഷണൽ ഫങ്ഷൻ ആക്റ്റിലുള്ള സംവരണ തത്വം അതേപടി പാലിച്ചുകൊണ്ടാണോ ഇടക്കാല നിയമനം നടത്തിയിട്ടുള്ളതു?

ശ്രീ. ആർ. ശങ്കർ: പല കാര്യങ്ങളെപ്പറ്റി ആലോചിച്ചതിന്റെ ഫലമായിട്ടു ഇലക്ട്രിസിറ്റി ബോർഡിലേയ്ക്കുള്ള നിയമനം പബ്ലിക്ക് സർവീസ് കമ്മീഷനെ കൊണ്ടു നടത്തിക്കുന്നതായിരിക്കും നല്ലതെന്നു വിചാരിച്ചാണ് അങ്ങനെ ചെയ്യാൻ ഉദ്ദേശിച്ചതു. ഇനി അവിടെ നടത്തുന്ന നിയമനങ്ങളെല്ലാംതന്നെ പബ്ലിക് സർവീസ് കമ്മിഷന്റെ ചട്ടങ്ങൾക്കനുസരിച്ചായിരിക്കും.

പാലങ്ങളുടെ പണി.

* 444. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു ആരംഭിച്ച എത്ര പാലങ്ങളുടെ പണി ഇനിയും പൂർത്തിയാകാനുണ്ടെന്നു പറയാമോ; അവ ഏതെല്ലാം;

(ബി) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽപ്പെട്ട കണ്ടശാംകടവു പാലത്തിന്റെ പണി പൂർത്തിയായതെന്നാണ്;

(സി) അതിപ്പോഴും പൊതുജനാവശ്യത്തിനു വേണ്ടി തുറന്നുകൊടുത്തിട്ടില്ലേ;

(ഡി) എങ്കിൽ അതിനുള്ള കാരണമെന്തു?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി, സി, ഡി,) പാലത്തിന്റെ പണി 1962 അവസാനത്തോടുകൂടി പൂർത്തിയായി. പക്ഷേ അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാകാത്തതിനാൽ പാലം പൊതുജനാവശ്യത്തിനു വേണ്ടി തുറന്നുകൊടുത്തിട്ടില്ല. അപ്രോച്ചു റോഡിന്റെ പണി 1964 ജൂൺമാസത്തോടുകൂടി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സിവിൽ ലൈൻസ് പണി.

* 445. [3] ശ്രീ. ടി. ഓ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ ഒരു സിവിൽ ലൈൻസ് പണിയാനുള്ള വല്ല നടപടിയും എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്ഥലനിർണ്ണയം ചെയ്തുകഴിഞ്ഞിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പു മന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ,ബി) ഇല്ല.

സർ, ഈ ചോദ്യം സിവിൽ സ്റ്റേഷനെ സംബന്ധിച്ചാണ് ഉദ്ദേശിക്കുന്നതെങ്കിൽ ആ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നതേയുള്ളൂ.

ശ്രീ. എം. നാരായണക്കുറുപ്പ് : ഏതെല്ലാം ജില്ലാതലസ്ഥാനങ്ങളിലാണ് ജില്ലാ സിവിൽ ലൈൻ ഇല്ലാത്തതെന്നു പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : കോഴിക്കോട്ട്, കണ്ണൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ ഇപ്പോൾ സിവിൽ ലൈനുകൾ ഇല്ല.

ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : കോഴിക്കോട്ട് പണിയാൻ ഉദ്ദേശിച്ചിട്ടുള്ള സിവിൽ ലൈനിന്റെ പ്രവർത്തനം ഏതു നിലയിലിരിക്കുന്നുവെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. പി ഉമ്മർകോയ: കോഴിക്കോട്ട് സിവിൽ ലൈനിന്റെ പണി ആരംഭിച്ചില്ല. അവിടെ ഒരു സിവിൽ ലൈൻ പണിയുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീമതി നഫീസത്തുബീവി: ആലപ്പുഴ ആരംഭിച്ചിരിക്കുന്ന സിവിൽ ലൈനിന്റെ പണി ഏറ്റവും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികളെടുക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ: ആലപ്പുഴ സിവിൽലൈനിന്റെ പണി നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : കോഴിക്കോട്ട് സിവിൽ ലൈൻ അവിടെയുള്ള ഒരു ബംഗ്ലാവിൽ സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടെന്നു മുമ്പ് ഇവിടെ പറയുകയുണ്ടായി. അവിടെ സിവിൽ ലൈനിന്റെ പണി എന്നാരംഭിക്കുമെന്നു പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ആ ബംഗ്ലാവിൽത്തന്നെ സ്ഥാപിക്കണമെന്നാണ് വിചാരിക്കുന്നത്. പക്ഷേ അതിനെപ്പറ്റിയുള്ള അവസാനതീരുമാനം ഇതുവരെയും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly